## ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST

**CLASS 5 (COMPETITIVEEXAM 2024)**

**1) മോശയുടെ ബാല്യകാലത്തെ സംബന്ധിക്കുന്ന തെറ്റായ പരാമർശം തിരഞ്ഞെടുക്കുക.**

**A) മാതാപിതാക്കൾ കുഞ്ഞിനെ പന്ത്രണ്ടു മാസം ആരും കാണാതെ ഒളിപ്പിച്ചുവച്ചു.**

B) മാതാപിതാക്കൾ ഞാങ്ങണ കൊണ്ട് ഒരു പെട്ടി ഉണ്ടാക്കി.

C) ഫറവോന്റെ പുത്രി കുഞ്ഞിനെ എടുത്തു.

D) കുഞ്ഞിന് പാൽ കൊടുക്കുന്നതിനു മിര്യം സ്വന്തം അമ്മയെ വിളിച്ചു.

**2) എബ്രായർ 11:24-25ന്റെ അടിസ്ഥാനത്തിൽ ഈജിപ്റ്റിലെ കിരീടാവകാശി ആകുന്നതിനുപകരം മോശ തെരഞ്ഞെടുത്തത് എന്താണ്?**

**A) ദൈവജനത്തോടുകൂടെ കഷ്ടം അനുഭവിക്കുക.**

B) ഭരണകൂടത്തിന്റെ ഭാഗമായി തീരുക.

C) മാതാപിതാക്കളോടൊപ്പം ആഡംബരജീവിതം.

D) ഈജിപ്റ്റിലെ ഗുരുക്കന്മാരിൽ നിന്നുള്ള വിജ്ഞാനം.

**3) ഹോരേബ് പർവതത്തിൽ ദൈവശബ്ദം കേട്ടപ്പോൾ മോശയുടെ പ്രതികരണം എപ്രകാരമായിരുന്നു?**

**A) ഭയം**

B) സന്തോഷം

C) വിലാപം

D) ശരീരവേദന

**4) മോശയെ ദൈവം അയച്ചതാണ് എന്ന് തെളിയിക്കുവാൻ നൽകിയ രണ്ടാമത്തെ അടയാളം ഏതാണ്?**

**A) കൈ വെളുത്തു കുഷ്ഠമുള്ളതായി.**

B) വടി പാമ്പായി മാറി.

C) നൈൽ നദിയിലെ വെള്ളം രക്തമായി മാറി.

D) ഇവയൊന്നുമല്ല.

**5) കൽമഴയെക്കുറിച്ചുള്ള മുന്നറിയിപ്പ് അവഗണിച്ച ഈജിപ്റ്റുകാർ ചെയ്തത് എന്താണ്?**

**A) അവർ ദാസന്മാരെയും മൃഗങ്ങളെയും വയലിൽ തന്നെ വിട്ടു.**

B) അവർ മൃഗങ്ങളെ വീടുകളിൽ വരുത്തി.

C) അവർ കൽമഴയെ അനുഗ്രഹമായി കണ്ടു.

D) അവർ യിസ്രായേല്യരുടെ ഭവനങ്ങളിൽ പ്രവേശിച്ചു.

**6) ഈജിപ്റ്റ്കാരുടെമേലുണ്ടായ പത്തു ബാധകളുടെ ഉദ്ദേശ്യം എന്തായിരുന്നു?**

**A) ഫറവോന്റെയും അവന്റെ ദേവന്മാരുടെയും മേലുള്ള ദൈവത്തിന്റെ ന്യായവിധി.**

B) യിസ്രായേല്യർക്ക് ഒരു മുന്നറിയിപ്പ്.

C) എല്ലാ രാജ്യങ്ങളുടെയും മേലുള്ള ഒരു പ്രകൃതിദുരന്തം.

D) ഫറവോന്റെ സഹനശക്തിയുടെ പരീക്ഷണം.

**7) പെസഹാ ആചരിക്കുന്നത് എന്തിന്റെ സ്മരണയ്ക്കായിട്ടാണ്?**

**A) മിസ്രയിമിലെ അടിമത്വത്തിൽ നിന്നുള്ള വിടുതൽ.**

B) യേറുശലേം ദേവാലയത്തിന്റെ സ്ഥാപനം.

C) പത്തു കല്പനകളുടെ സ്ഥാപനം.

D) കനാനിലേക്കുള്ള പ്രവേശനം.

**8) യിസ്രായേല്യർ ചെങ്കടൽ കടക്കുന്നതുമായി ബന്ധപ്പെട്ട് തെറ്റായ പരാമർശം തെരഞ്ഞെടുക്കുക.**
<u>A) ചെങ്കടൽ വിഭജിക്കാനായി മോശ തന്റെ വടികൊണ്ട് അടിച്ചു.</u>
B) ഫറവോന്റെ സൈന്യം യിസ്രായേല്യരെ പിന്തുടർന്നു.
C) യിസ്രായേൽ ജനം യഹോവയോടു നിലവിളിച്ചു.
D) ഫറവോന്റെ സൈന്യം ചെങ്കടലിൽ മുങ്ങിപ്പോയി.

**9) മാറായിലെ കൈപ്പുജലത്തെ മധുരമുള്ളതാക്കാൻ ദൈവം നൽകിയ നിർദേശം എന്താണ്?**
<u>A) വൃക്ഷം വെട്ടി വെള്ളത്തിലിടുക.</u>
B) ശുദ്ധജലം ലഭിക്കാൻ മഴയ്ക്കായി പ്രാർഥിക്കുക.
C) അഹരോന്റെ വടികൊണ്ട് പാറയെ അടിക്കുക.
D) ഒരു പാത്രം ഉപ്പ് വെള്ളത്തിൽ മുക്കുക.

**10) ദൈവം കല്പിച്ചതിനു വിരുദ്ധമായി പാറയിൽ രണ്ടു തവണ അടിച്ചതുവഴി മോശയ്ക്കുണ്ടായ അനുഭവം എന്താണ്?**
<u>A) മോശയും അഹരോനും വാഗ്ദത്തനാട്ടിൽ പ്രവേശിക്കാനായില്ല.</u>
B) ഫെലിസ്ത്യരോടുള്ള യുദ്ധത്തിൽ യിസ്രായേല്യർ പരാജയപ്പെട്ടു.
C) പാറ ആരാധനയ്ക്കുള്ള ഒരു ബലിപീഠമായി.
D) യിസ്രായേല്യർക്ക് മന്ന ലഭിച്ചുതുടങ്ങി.

**11) വിതയ്ക്കുന്നവന്റെ ഉപമയിൽ പാറപ്പുറത്ത് വീണ വിത്ത് സൂചിപ്പിക്കുന്നത് എന്താണ്?**
<u>A) പ്രയാസം വരുമ്പോൾ തളർന്നുപോകുന്നവർ.</u>
B) വചനം സന്തോഷത്തോടെ സ്വീകരിക്കുന്നവർ.
C) വചനം ആശങ്കയോടെ സ്വീകരിക്കുന്നവർ.
D) സമൃദ്ധിയായി ഫലം പുറപ്പെടുവിക്കുന്നവർ.

**12) തേജസ്കരണത്തിന്റെ വേളയിൽ യേശുവിനോട് മോശയും ഏലിയാവും സംസാരിച്ച വിഷയം എന്തായിരുന്നു?**
<u>A) യെരൂശലേമിലെ കുരിശുമരണം.</u>
B) മോശയുടെ ന്യായപ്രമാണവും ഏലിയാവിന്റെ പ്രവചനങ്ങളും.
C) യേശുവിന്റെ അദ്ഭുതങ്ങളും പഠിപ്പിക്കലും.
D) മശിഹായെക്കുറിച്ചുള്ള യഹൂദന്മാരുടെ പ്രതീക്ഷ.

**13) തേജസ്കരണത്തിനു ശേഷം താബോർ മലയിൽ നിന്നും ഇറങ്ങിവന്ന യേശുവിനെ കാത്തു നിന്നതാരാണ്?**
<u>A) രോഗ്യസൗഖ്യം ആവശ്യമുള്ളവർ.</u>
B) ചോദ്യങ്ങളുമായി പരീശന്മാർ.
C) ശ്രദ്ധ നേടാൻ വന്ന ശാസ്ത്രിമാർ.
D) യേശുവിനെ പിടിക്കാൻ വന്ന പടയാളികൾ.

**14) കർത്തൃപ്രാർഥന രേഖപ്പെടുത്തിയ സുവിശേഷഭാഗങ്ങൾ ഏതെല്ലാം?**
<u>A) മത്തായി 6:9-13, ലൂക്കോസ് 11:2-4</u>
B) മർക്കോസ് 4:8-12, യോഹന്നാൻ 11:8-10
C) മർക്കോസ് 4:8-12, ലൂക്കോസ് 1:8-10
D) മത്തായി 7:4-7, യോഹന്നാൻ 4:1-6

**15) ഏറ്റവും ശരിയായ പരാമർശം തെരഞ്ഞെടുക്കുക.**
<u>A) ഇവയെല്ലാം ശരിയാണ്.</u>
B) നമ്മൾ യേശുക്രിസ്തുവിന്റെ ഏക ശരീരത്തിന്റെ അംഗങ്ങളാണ്.

C) പിതാവാം ദൈവത്തെ സ്വന്തം മക്കൾ എന്ന നിലയിൽ നമുക്ക് സമീപിക്കാം.
D) നമുക്ക് ദൈവത്തെ സ്വതന്ത്ര്യത്തോടെ സമീപിക്കാം.

**16) സങ്കീർത്തനം 23 ന്റെ അടിസ്ഥാനത്തിൽ ഒരു നല്ല ഇടയന്റെ പ്രത്യേകതയിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക**
**A) വിജനപ്രദേശത്തേക്ക് നയിക്കുന്നു.**
B) പ്രാണനെ തണുപ്പിക്കുന്നു.
C) ആടുകളെ സംരക്ഷിക്കുന്നു.
D) ആടുകളുടെ ഒപ്പം എപ്പോഴും ഇരിക്കുന്നു.

**17) യേശുവിന്റെ നല്ല ഇടയൻ വചനങ്ങളിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക.**
**A) ഞാൻ ജീവന്റെ ഇടയനാകുന്നു.**
B) ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു.
C) ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു.
D) ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു.

**18) മത്തായി 5:3-10 ൽ രേഖപ്പെടുത്തിയിരിക്കുന്ന ഭാഗ്യവർണനകളിൽ രണ്ടാമത്തേത് ഏതാണ്?**
**A) ദുഖിക്കുന്നവർ ഭാഗ്യവാന്മാർ.**
B) കരുണയുള്ളവർ ഭാഗ്യവാന്മാർ.
C) ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ.
D) സൗമ്യതയായുള്ളവർ ഭാഗ്യവാന്മാർ.

**19) ഗിരിപ്രഭാഷണത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രാർഥനയെ സംബന്ധിക്കുന്ന യേശുവിന്റെ പഠിപ്പിക്കൽ ഏതാണ്?**
**A) ഹൃദയത്തിൽ നിന്നും വരുന്ന ആത്മാർഥമായ പ്രാർഥന ദൈവം സ്വീകരിക്കും.**
B) ദീർഘനേരമുള്ള പ്രാർഥനയാണ് ഫലപ്രദം.
C) ഉച്ചത്തിൽ പ്രാർഥിക്കുമ്പോൾ ദൈവം കേൾക്കും.
D) ഭൗതിക ആവശ്യങ്ങളിൽ പ്രാർത്തനകൾ കേന്ദ്രീകരിക്കണം.

**20) പള്ളിയിലേക്ക് പ്രവേശിക്കുമ്പോൾ ചൊല്ലുന്ന പ്രാർഥന പൂർത്തീകരിക്കുക. '............... നിന്റെ ഭവനത്തിലേക്ക് ഞാൻ വന്ന്, എന്റെ നേർച്ചകൾ നിനക്ക് കഴിക്കും.'**
**A) ബഹുമതിപൂർവം**
B) സമാധാനപൂർവം
C) വിശ്വാസപൂർവം
D) കൃപാപൂർവം

**21) 'നീതിമാന്മാരുടെ കൂടാരത്തിൽ മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദം എന്ന് ദാവീദ് മുഖാന്തരം പരിശുദ്ധറൂഹാ പാടി' എന്ന് ശുശ്രുഷകൻ പ്രഖ്യാപിക്കുന്നത് എപ്പോൾ?**
**A) പഴയ നിയമ വായനയ്ക്ക് മുൻപ്.**
B) പൗലോസ് ശ്ലീഹായുടെ ലേഖനത്തിൽ നിന്നുള്ള വായനയ്ക്ക് മുൻപ്.
C) സുവിശേഷത്തിൽ നിന്നുള്ള വായനയ്ക്ക് മുൻപ്.
D) വിശുദ്ധ കുർബാന സ്വീകരിക്കുന്നതിന് മുൻപ്.

**22) താഴെ പറയുന്നവയിൽ ഏതു പുസ്തകത്തിൽ നിന്നുമാണ് വിശുദ്ധ കുർബാനയിൽ വടക്കുഭാഗത്ത് വായിക്കുന്നത്?**
**A) എഫെസ്യർ**
B) യൂദാ
C) 1 പത്രോസ്

D) 2 യോഹന്നാൻ

**23) ഹാബിബായ് എന്ന വാക്കിന്റെ അർഥം എന്താണ്?**
**A) എന്റെ വാത്സല്യമുള്ളവരെ**
B) എന്റെ സഹോദരങ്ങളെ
C) എന്റെ മക്കളെ
D) എന്റെ ബന്ധുക്കളെ

**24) പ്രഭാതസ്തുതിപ്പ് പൂർത്തിയാക്കുക.**
**'പരിശുദ്ധനായുള്ളോവേ, നിന്റെ ............. ഞങ്ങളുടെമേൽ ആവസിപ്പിച്ച് നിന്റെ തിരുനാമം നിമിത്തം ഞങ്ങളുടെ പാപരോഗങ്ങളെ സൗഖ്യമാക്കണമേ.'**
**A) വലതു തൃക്കൈ**
B) തൃക്കൈകൾ
C) ഇടതു തൃക്കൈ
D) അനുഗ്രഹങ്ങൾ

**25) നമ്മുടെ സഭയിലെ മിക്ക ശുശ്രൂഷകളുടെയും പ്രാരംഭത്തിൽ ക്രമീകരിച്ചിരിക്കുന്ന അനുതാപത്തിന്റെ പ്രാർത്ഥന ഏതാണ്?**
**A) സങ്കീർത്തനം 51**
B) പ്രഭാതസ്തുതിപ്പ്
C) മാർ അപ്രേമിന്റെ മെമ്രാ
D) സെദറാ

**26) അപ്പൊസ്തോലന്മാരെ സംബന്ധിക്കുന്ന തെറ്റായ പരാമർശം തെരഞ്ഞെടുക്കുക.**
**A) അപ്പോസ്തോലന്മാർ എല്ലാവരും മുക്കുവരായിരുന്നു.**
B) അവർ പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി.
C) അവർ യഹൂദന്മാരോടും അല്ലാത്തവരോടും സുവിശേഷം അറിയിച്ചു.
D) അവർ ദൈവരാജ്യത്തെക്കുറിച്ചു പ്രസംഗിച്ചു.

**27) 'പൗലോസ് ശ്ലീഹാ...' എന്ന ഗീതത്തിലെ പ്രധാന ആശയം എന്താണ്?**
**A) സഭയുടെ പ്രബോധനത്തിൽ ഉറച്ചു നിൽക്കുക.**
B) അനുതാപത്തോടെ ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുക.
C) അപ്പോസ്തോലന്മാരുടെയും വിശുദ്ധരുടെയും മധ്യസ്ഥത അഭ്യർത്ഥിക്കുക.
D) ദൈവത്തോടുള്ള നമ്മുടെ നന്ദി രേഖപ്പെടുത്തുക.

**28) അപ്പോസ്തോലന്മാരുടെയും വിശുദ്ധരുടെയും മധ്യസ്ഥത അഭ്യർത്ഥിക്കുന്ന ഒരു ഗീതം തെരഞ്ഞെടുക്കുക.**
**A) നിബിയന്മാരും ജാതികളോട്.**
B) കർത്താവരുളി ചെയ്തു ഞാൻ.
C) പൗലോസ് ശ്ലീഹാ.
D) മുടികൾ മുടഞ്ഞവ നിരനിരയായ്.

**29) 'കർത്താവരുളി ചെയ്തു ഞാൻ' ഗീതത്തിലെ ആശയങ്ങൾ ഏതെല്ലാം?**
**A) ഇവയെല്ലാം ശരിയാണ്.**
B) കർത്താവിന്റെ മനുഷ്യാവതാരം.
C) വിശുദ്ധ കുർബാനയുടെ പ്രാധാന്യം.
D) കന്യകമറിയാമിന്റെ ശ്രേഷ്ഠത.

**30) ആദിമ സഭയുടെ ചരിത്രം വിവരിക്കുന്ന പുതിയനിയമ പുസ്തകം ഏതാണ്?**
**A) അപ്പോസ്തോല പ്രവർത്തികൾ**

B) കൊലൊസ്സ്യർ
C) എബ്രായർ
D) യാക്കോബ്

**31) ആദിമസഭയിൽ വിശുദ്ധ ലിഖിതങ്ങളായി കണക്കാക്കി വായിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്തിരുന്ന ഗ്രന്ഥം എന്താണ്?**
**A) പഴയനിയമം**
B) മിഷ്ന
C) സോഫറിം
D) തൽമുദ്

**32) അനാഥരുടെയും വിധവമാരുടെയും ശുശ്രൂഷയ്ക്കായി ആദിമ സഭ തെരഞ്ഞെടുത്തു നിയമിച്ചതാരെ?**
**A) ശെമ്മാശന്മാർ**
B) മൂപ്പന്മാർ
C) കശീശന്മാർ
D) മിഷനറിമാർ

**33) മാർത്തോമാ ശ്ലീഹായുടെ കേരളത്തിലേക്കുള്ള വരവിനെ സംബന്ധിക്കുന്ന പാരമ്പര്യങ്ങളിൽ തെറ്റായ പരാമർശം തെരഞ്ഞെടുക്കുക.**
**A) അദ്ദേഹം എ.ഡി.72ൽ കേരളത്തിലെത്തി.**
B) അദ്ദേഹം കേരളത്തിലെ കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങി.
C) അദ്ദേഹം കേരളത്തിൽ പള്ളികൾ സ്ഥാപിച്ചു.
D) സഭയെ നയിക്കുന്നതിനായി വൈദികരെ അദ്ദേഹം നിയമിച്ചു.

**34) എ.ഡി. രണ്ടാം നൂറ്റാണ്ടിൽ മാർത്തോമാ ശ്ലീഹായുടെ തിരുശേഷിപ്പ് എവിടേക്കാണ് കൊണ്ടുപോയത്?**
**A) ഉറഹാ**
B) റോം
C) അലക്സാണ്ട്രിയ
D) ഗ്രീസ്

**35) മലങ്കരസഭയുടെ സ്ഥാപനം അപ്പോസ്തോലനാൽ നടന്നു എന്നതിനുള്ള തെളിവുകളിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക.**
**A) മഹാനായ അലക്സാണ്ടറിന്റെ രാഷ്ട്രീയ താല്പര്യങ്ങൾ.**
B) കേരളത്തിലെ യഹൂദന്മാരുടെ സാന്നിധ്യം.
C) കേരളത്തിന്റെ വിദേശ വാണിജ്യ ബന്ധം.
D) മാർത്തോമാ ശ്ലീഹായുടെ ഇന്ത്യയിലുള്ള കബറിടം.

**36) ഉചിതമായത് തെരഞ്ഞെടുത്ത് വാചകം പൂരിപ്പിക്കുക.**
**.................... മാലാഖമാരും, പരിശുദ്ധരും, സഹദേന്മാരും ഉൾപ്പെടുന്നു.**
**A) അദൃശ്യ സഭയിൽ**
B) ദൃശ്യ സഭയിൽ
C) അഭിഷേകിതമായ സഭയിൽ
D) ഇരുണ്ട സഭയിൽ

**37) ജീവനുള്ളവരെയും വാങ്ങിപോയവരെയും നാം ഓർക്കുന്ന അനുസ്മര പ്രാർത്ഥന ഏതാണ്?**
**A) തുബ്ദേൻ**
B) ആനിദാ
C) സുഗീസോ
D) ക്യംതാ

**38) വാങ്ങിപോയവരെ സംബന്ധിക്കുന്ന തെറ്റായ പരാമർശം തെരഞ്ഞെടുക്കുക.**

**A) 'വെളിവുനിറഞ്ഞോരീശോ നിൻ വെളിവാൽ' എന്ന ഗീതത്തിന്റെ പ്രധാന വിഷയം വാങ്ങിപോയവരുടെ മധ്യസ്ഥതയാണ്.**

B) ദൈവിക ആരാധനയിൽ വാങ്ങിപോയ ആത്മാക്കൾ പങ്കെടുക്കുന്നു.

C) വിശുദ്ധ കുർബാനയിൽ വാങ്ങിപോയവരുടെയും ജീവനുള്ളവരുടെയും കൂട്ടായ്മ നാം അനുഭവിക്കുന്നു.

D) വാങ്ങിപോയവർ നമ്മോടൊപ്പം ദൈവത്തെ ആരാധിക്കുന്നു.

**39) പ്രൊട്ടസ്റ്റന്റ്, പെന്തിക്കോസ്തു സഭകളുടെ ആരാധനയിൽ പ്രാധാന്യം എന്തിനാണ്?**

**A) പ്രസംഗം**

B) ശുശ്രുഷ

C) ഭരണനിർവഹണം

D) വായനകൾ

**40) പള്ളികളിലെ ആരാധനയിൽ ശ്രവണമാധുര്യം വർധിപ്പിക്കുന്നത് എന്താണ്?**

**A) ക്രമീകൃതമായ ആലാപനം**

B) ഐക്കൺ

C) ധൂപക്കുറ്റി

D) സമാധാനചുംബനം

**41) വിശുദ്ധ കുർബാനയെ സംബന്ധിക്കുന്ന പരാമർശങ്ങളിൽ ഏറ്റവും ഉചിതമായ ഓപ്ഷൻ തെരഞ്ഞെടുക്കുക.**

**A) ഇവയെല്ലാം ശരിയാണ്.**

B) നമ്മുടെ പങ്കാളിത്തം പൂർണ്ണമാവുന്നത് വിശുദ്ധ കുർബാന സ്വീകരിക്കുമ്പോഴാണ്.

C) നമ്മുടെ കർത്താവിന്റെ ജീവനുള്ള ശരീരവും രക്തവും നാം സ്വീകരിക്കുന്നു.

D) ഇതിൽ നമ്മുടെ സമ്പൂർണ്ണ പങ്കാളിത്തം ആവശ്യമാണ്.

**42) വാക്യം പൂർത്തീകരിക്കുക. 'മാറാനായ പെരുന്നാൾ ........ ദിവസം പോലെ അനുഷ്ഠിക്കണം.'**

**A) ഞായർ**

B) അവധി

C) ആഴ്ച

D) ശാബത്

**43) യേശുക്രിസ്തുവിനെ യേറുശലേം ദേവാലയത്തിൽ കാഴ്ചയായി അർപ്പിച്ചതിനെ അനുസ്മരിക്കുന്ന പെരുന്നാൾ.**

**A) മായൽത്തോ**

B) ദനഹാ

C) സുബോറോ

D) സുലോക്കോ

**44) എല്ലാ കൂദാശകളുടെയും ആദ്യരൂപം അരിലാണ് ദർശിക്കുന്നത്?**

**A) യേശുക്രിസ്തു**

B) പരിശുദ്ധാത്മാവ്

C) പുതിയനിയമം

D) അപ്പോസ്തോലന്മാർ

**45) കൂദാശകൾ അർപ്പിക്കുവാൻ ദൈവം ആരെയാണ് ചുമതലപ്പെടുത്തിയത്?**

**A) സഭ**

B) തിരുവെഴുത്തുകൾ
C) ലോകം
D) യോഹന്നാൻ സ്നാപകൻ

**46) ഡയോകഌഷ്യൻ ചക്രവർത്തിയുടെ മുമ്പാകെ തന്റെ ക്രിസ്തീയ വിശ്വാസം പ്രഖ്യാപിച്ച രക്തസാക്ഷി ആരാണ്?**
**A) <u>ഗീവർഗീസ് സഹദാ</u>**
B) പൗലോസ് ശ്ലീഹാ
C) തോമ്മാശ്ലീഹാ
D) യോഹന്നാൻ സ്നാപകൻ

**47) നീതിമാനായ യൗസേഫിനെ സംബന്ധിക്കുന്ന തെറ്റായ പരാമർശം തെരഞ്ഞെടുക്കുക.**
**A) <u>ലേവി ഗോത്രത്തിൽ ഉൾപ്പെട്ട വ്യക്തിയായിരുന്നു.</u>**
B) യേശുക്രിസ്തുവിന്റെ വളർത്തുപിതാവായിരുന്നു.
C) അദ്ദേഹത്തിന് നാല് തവണ സ്വപ്നത്തിൽ ദൈവിക അരുളപ്പാടുണ്ടായി.
D) യേശു യൗവനത്തിലേക്ക് പ്രവേശിക്കുമ്പോൾ അദ്ദേഹം നിര്യാതനായി.

**48) സംസ്കാരത്തിന്റെ പ്രധാന ലക്ഷണം എന്താണ്?**
**A) <u>നല്ല പെരുമാറ്റം</u>**
B) ബന്ധങ്ങൾ
C) സമ്പത്ത്
D) വിദ്യാഭ്യാസം

**49) 'അതിഥികളെ സൽക്കരിക്കണം' എന്ന് പൗലോസ് ശ്ലീഹാ നിർദേശം നൽകിയത് ആർക്കാണ്?**
**A) <u>തീമോത്തിയോസ്</u>**
B) പത്രോസ്
C) ശീലാസ്
D) ലുദിയ

**50) കൃത്യനിഷ്ഠയുടെ അനിവാര്യതയെക്കുറിച്ചു പഠിപ്പിക്കുന്ന യേശുക്രിസ്തുവിന്റെ ഉപമ ഏതാണ്?**
**A) <u>പത്തുകന്യകമാരുടെ ഉപമ</u>**
B) കാണാതെപോയ ആടിന്റെ ഉപമ
C) നല്ല ശമര്യാക്കാരന്റെ ഉപമ
D) ഒളിച്ചുവച്ച നിധിയുടെ ഉപമ